# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 18 | 2022 |
|---|---|



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## അമിതവിലയും പഴകിയ ഭക്ഷണവും അനുവദിക്കില്ല

സന്നിധാനത്തും പരിസരത്തും ഭക്ഷണപദാർത്ഥങ്ങൾക്ക് അമിതവില ഈടാക്കുന്നതും പഴകിയ ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്നതും അനുവദിക്കില്ലെന്ന് സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു. പരിശോധനയിൽ ഇത്തരത്തിൽ ക്രമക്കേടുകൾ ക ത്തുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സന്നിധാനത്തും പരിസരപ്രദേശങ്ങളിലുമുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്നും അറിയിപ്പിൽ പറയുന്നു. കഴിഞ്ഞ ദിവസം സന്നിധാനം മരക്കൂട്ടം ഭാഗത്തെ ഭക്ഷണശാലയിൽ സൂക്ഷിച്ചിരുന്ന പഴകിയ എണ്ണ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ക ത്തി നശിപ്പിച്ചിരുന്നു.

(പി.ആർ.ശബരി - 166)

## പുണ്യം പൂങ്കാവനം ശുചീകരണത്തിൽ പങ്കാളിയായി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

ശബരിമല സന്നിധാനത്തെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് നടപ്പാക്കി വരുന്ന പുണ്യം പൂങ്കാവനം ശുചീകരണ പരിപാടിയിൽ പങ്കാളിയായി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. ശനിയാഴ്ച രാവിലെ സന്നിധാനത്തെ പുണ്യം പൂങ്കാവനം ഓഫീസിന് മുന്നിൽ നടന്ന പരിപാടിയിൽ സ്പെഷ്യൽ ഓഫീസർ ആനന്ദ് ആർ, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ നിതിൻ രാജ്, പുണ്യം പൂങ്കാവനം ഡിവിഷൻ ഓഫീസർ സുമേഷ് എ.എസ് എന്നിവർ സംബന്ധിച്ചു.

(പി.ആർ.ശബരി - 167)

## എട്ടാം തവണയും ഭക്തിഗാനസുധ സമർപ്പിച്ച് കാട്ടൂർ രവികുമാറും സംഘവും

എട്ടാം തവണയും ശബരിമല അയ്യപ്പ സന്നിധിയിൽ ഭക്തിഗാനസുധ സമർപ്പിച്ച് കാട്ടൂർ രവികുമാറും സംഘവും. ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ നടന്ന ഭക്തിഗാനസുധ സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി. നാട്ടരാഗത്തിൽ മഹാഗണപതി എന്ന് തുടങ്ങുന്ന കീർത്തനം പാടി തുടങ്ങിയ ഭക്തിഗാനസുധ ര രമണിക്കൂറോളം നീ ു. കോഴഞ്ചേരി കാട്ടൂർ സ്വദേശിയും അടൂർ ക്രൈംബ്രാഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിൽ അസിസ്റ്റന്റ് സബ് ഇൻസ് പെക്ടറുമാണ് കാട്ടൂർ രവി കുമാർ. 2012ലാണ് രവി കുമാറും സംഘവും അയ്യപ്പ സന്നിധിയിൽ ആദ്യമായി ഭക്തിഗാനസുധ സമർപ്പിക്കുന്നത്. നാരങ്ങാനം മധുസൂദൻ, ശശി കുമാർ ചെറുകോൽ, സതീഷ് കുന്നന്താനം, ജയൻ നൂറനാട്, പ്രദീപ് തടിയൂർ, ഉല്ലാസ് കോട്ടയം എന്നിവരാണ് സംഘത്തിലു ായിരുന്നത്.

(പി.ആർ.ശബരി - 168)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.